## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3739 11.11.2019- ൽ മറുപടിയ്ക്ക്

## നോർക്കയുടെ എമർജൻസി ആംബുലൻസ് സർവ്വീസ്

| ചോദ്യം<br>ശ്രീ. അബ്ദുൾ ഹമീദ് പി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | നോർക്കയുടെ എമർജൻസി ആംബുലൻസ് സർവ്വീസിന്റെ പ്രവർത്തനം വിശദമാക്കാമോ; | എ) | വിദേശത്ത് ജോലി ചെയ്യുന്ന പാവപ്പെട്ട മലയാളികൾ അസുഖ ബാധിതരായി മടങ്ങേണ്ടി വരുമ്പോഴും പ്രവാസികളുടെ ഭൗതിക ശരീരം നാട്ടിലെ എയർപോർട്ടിൽ നിന്നും വീട്ടുകളിലേയ്ക്കോ ആശുപത്രികളിലേയ്ക്കോ എത്തിക്കുന്നതിനും ആംബുലൻസ് സൗകര്യം ഏർപ്പെടുത്തണമെന്ന വിദേശമലയാളികളുടെ ദീർഘ കാലമായുള്ള ആവശ്യം പരിഗണിച്ച് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് 'നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്'. നോർക്ക-റൂട്ട്സ്, ഇൻഡ്യൻ മെഡിക്കൽ അസോസിയേഷനുമായി സഹകരിച്ചാണ് നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.<br>കൂടാതെ ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസികളായ മലയാളികൾ രോഗബാധിതരായി കേരളത്തിലേക്ക് മടങ്ങേണ്ടി വരുന്ന സാഹചര്യത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ വിമാനത്താവളങ്ങളിൽ നിന്നും വീട്ടിൽ/ ആശുപത്രിയിൽ എത്തിക്കുന്നതും, മറ്റ് സംസ്ഥാനങ്ങളിൽ മരണപ്പെടുന്ന കേരളീയരായ പ്രവാസികളുടെ ഭൗതിക ശരീരം മേൽപ്പറഞ്ഞ കേരളത്തിലെ വിമാനത്താവളങ്ങളിൽ നിന്നും വീട്ടിലെത്തിക്കുന്നതും, വിദേശത്തു നിന്നും |

| | | | |
|---|---|---|---|
| | | | രോഗബാധിതരായി മംഗലാപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിൽ എത്തുന്ന പ്രവാസി മലയാളികളെ/വിദേശത്ത് മരണപ്പെടുന്ന പ്രവാസി മലയാളികളുടെ ഭൗതികശരീരം പ്രസ്തുത വിമാനത്താവളങ്ങളിൽ നിന്നും വീട്ടിൽ/ആശുപത്രിയിൽ എത്തിക്കുന്നതും ഉൾപ്പെടുത്തിക്കൊണ്ട് നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് പദ്ധതി വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | പ്രസ്തുത സേവനം സൗജന്യമാണോയെന്ന് അറിയിക്കാമോ; | ബി) | സൗജന്യമാണ്. |
| സി) | പദ്ധതിയുടെ സേവനം പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് പ്രവാസികൾക്കിടയിൽ ബോധവൽക്കരണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | സി) | പദ്ധതിയുടെ സേവനം പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് വിവിധ മാധ്യമങ്ങളിലൂടെ ബോധവത്ക്കരണം നടത്തിവരുന്നു. |
| ഡി | വരുമാന പരിധി ബാധകമല്ലാതെ എല്ലാ വിഭാഗത്തിൽപ്പെട്ട പ്രവാസികൾക്കും എമർജൻസി ആംബുലൻസ് സർവ്വീസിന്റെ സൗജന്യ സേവനം ലഭ്യമാക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | ഡി) | ഇതു വഴിയുള്ള സേവനത്തിന് വരുമാന പരിധി ബാധകമല്ല. |

സെക്ഷൻ ഓഫീസർ